44 (600) കേരള സോപ്സ് ആന്റ് ഓയിൽമിൽസ്

ശ്രീ. എളമരം കരീം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കേരള സോപ്സ് ആന്റ് ഓയിൽസ് പ്രതിസന്ധിയിലായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പ്രതിസന്ധിക്ക് പരിഹാരം കാണാൻ എന്ത് നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) സാമ്പത്തിക പ്രതിസന്ധിയുണ്ട്.

(ബി) പുനരുദ്ധാരണത്തിനുവേണ്ടി ബൃഹത്തായ ഒരു പദ്ധതി തയ്യാറായി വരുന്നുണ്ട്.

45 (601) ടൈറ്റാനിയം പ്രോഡക്ട്സിൽനിന്നുള്ള മലിനീകരണം തടയാൻ നടപടി.

ശ്രീ. പി.പി. തങ്കച്ചൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിൽ നിന്നുള്ള മലിനീകരണം തടയുന്നതിന് ന്യൂട്രലൈസേഷൻ പ്ലാന്റ് സ്ഥാപിക്കണമെന്ന് ഡോ. എ.ഡി. ദാമോദരൻ കമ്മിറ്റി ശുപാർശ ചെയ്തിരുന്നുവോ;

(ബി) ഇതനുസരിച്ച് കടകംപള്ളി വില്ലേജിൽ സർവ്വേ നമ്പർ 2326/63 ൽ ഉള്ള 5 ഏക്കർ 16 സെന്റ് സ്ഥലം അക്വയർ ചെയ്യുവാൻ തീരുമാനിച്ചുവോ;

(സി) ഈ സ്ഥലത്ത് മലിനീകരണ വസ്തുക്കൾ നിക്ഷേപിക്കുന്ന പക്ഷം അത് ചുറ്റുവട്ടത്തുള്ള ഒരു ചതുരശ്ര കിലോമീറ്റർ സ്ഥലത്തെ കുടിവെള്ളത്തിന്റെ ഗുണമേന്മയെ പ്രതികൂലമായി ബാധിക്കുന്നതുകൊണ്ട് പ്രസ്തുത സ്ഥലം മലിനീകരണം തടയുന്നതിനുവേണ്ടി വാങ്ങരുതെന്ന് ഗ്രൗണ്ട് വാട്ടർ വകുപ്പ് തലവൻ 4-6-93 ലെ റ്റി (2) 1676/93 എന്ന നമ്പരിലുള്ള കത്തിൽ ടി.ടി.പി. യെ അറിയിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ സ്ഥലം തന്നെ ഇക്കാര്യത്തിലേയ്ക്കായി വാങ്ങുവാൻ തീരുമാനിച്ചത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ; ഈ സ്ഥലം ഈ ആവശ്യത്തിനുവേണ്ടി അക്വയർ ചെയ്തതിനെതിരെ ടൈറ്റാനിയം പ്രോഡക്ട്സ് ലേബർ യൂണിയൻ ആക്ഷേപം നൽകിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ശുപാർശ ചെയ്തിരുന്നു.

(ബി) ഇതിനാവശ്യമായ 5-10 ഏക്കർ സ്ഥലം ഏറ്റെടുക്കാൻ സർക്കാരിനോട് ആവശ്യപ്പെടാൻ 23-8-97 ൽ കൂടിയ കമ്പനിയുടെ ഡയറക്ടർ ബോർഡ് തീരുമാനിച്ചിരുന്നു.

(സി) ഈ സ്ഥലത്ത് മലിനീകരണ വസ്തുക്കൾ നിക്ഷേപിക്കുന്ന പക്ഷം അതു ചുറ്റുവട്ടത്തുള്ള കുടിവെള്ളത്തിന്റെ ഗുണമേന്മയെ പ്രതികൂല

LIBRARY ARCHIVES Kerala Legislative Assembly